പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം. * 212 | 10.12.2014- ൽ മറുപടിക്ക് |
|---|---|

# സ്കൂളുകളിൽ ഫുഡ് സേഫ്റ്റി ക്ലബ്ബുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. മുരളീധരൻ<br>" ഹൈബി ഈഡൻ<br>" സണ്ണി ജോസഫ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെയും കുട്ടികളെയും ബോധവത്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്; | എ) | സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവത്ക്കരിക്കുന്നതിനു വേണ്ടി മിഷൻ 676 ൽ ഉൾപ്പെടുത്തി ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് സുരക്ഷിത ഭക്ഷണം ആരോഗ്യത്തിനാധാരം പദ്ധതി. ഈ പദ്ധതി പ്രകാരം ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്കൂളിലെ 9, 11 ക്ലാസ്സുകളിലെ കുട്ടികൾക്ക് ആരോഗ്യവുമായി ബന്ധപ്പെട്ട ജീവിതശൈലി രോഗങ്ങളായ ജംഗ് ഫുഡ്, ട്രാൻസ് ഫാറ്റ്, കളറുകൾ, രുചിവർദ്ധക വസ്തുക്കൾ ചേർത്ത ഭക്ഷണ പദാർത്ഥങ്ങൾ, ലഹരി വസ്തുക്കളായ ഗുഡ്ക പാൻമസാല എന്നിവയുടെ ഉപയോഗത്തിന്റെ ദുഷ്യവശങ്ങളെപ്പറ്റി ഫുഡ് സേഫ്റ്റി ഓഫീസറുടെ നേതൃത്വത്തിൽ പരിശീലനം നൽകുന്നതാണ്. ഇങ്ങനെ പരിശീലിപ്പിച്ച കുട്ടികൾ അതാതു സ്കൂളുകളിലെ മറ്റു കുട്ടികൾക്ക് ഒരു ഫുഡ് സേഫ്റ്റി ഓഫീസറുടെ സാന്നിദ്ധ്യത്തിൽ പരിശീലനം നൽകുന്നതാണ്. ഇതിനാവശ്യമായ ലഘുലേഖകൾ, സിഡികൾ മറ്റു പരിശീലന സാമഗ്രികൾ എന്നിവ ഭക്ഷ്യസുരക്ഷാ വകുപ്പ് നൽകുന്നതാണ്. ഇതിനകം തന്നെ |

| | | | |
|---|---|---|---|
| | | | പന്ത്രണ്ടോളം ജില്ലകളിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശീലനം നൽകി കഴിഞ്ഞു. സുരക്ഷിത ഭക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനു വേണ്ടി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഉപന്യാസ മത്സരം നടത്തി കഴിഞ്ഞു. മേഖലാടിസ്ഥാനത്തിൽ ഈ വിഷയത്തെപ്പറ്റി പ്രശ്നോത്തരി നടത്തി വിജയികളെ കണ്ടെത്തി അവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തുകഴിഞ്ഞു. വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടുകൂടി എല്ലാ സ്കൂളുകളിലും ആഴ്ചയിൽ ഒരു ദിവസം ഫുഡ് സേഫ്റ്റി അസംബ്ലി നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തികവർഷം ഈ പദ്ധതി സർക്കാരിതര സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. |
| ബി) | വിദ്യാഭ്യസ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഫുഡ് സേഫ്റ്റി ക്ലബുകൾ ആരംഭിച്ച് സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് കുട്ടികളെ ബോധവത്കരിക്കുവാൻ നടപടി സ്വീകരിക്കുമോ? | ബി) & സി) | സ്വീകരിക്കുന്നതാണ്. |
| സി) | സുരക്ഷിത ഭക്ഷണം എന്ന വിഷയം സ്കൂൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപടി സ്വീകരിക്കുമോ? | | |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**